# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1689** 10/03/2020- **ൽ മറുപടിയ്ക്ക്**

## ദുരിതാശ്വാസ നിധിയിൽ നിന്നും അനർഹർക്ക് തുക കൈമാറിയത്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. റോജി എം.ജോൺ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിൽ നിന്നും പ്രളയ ബാധിതനല്ലാത്ത ഭരണകക്ഷിയിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവിന്റെ അക്കൗണ്ടിലേക്ക് 10.54 ലക്ഷം രൂപ കൈമാറിയതായി കണ്ടെത്തിയിട്ടുണ്ടോ;<br><br>(ബി) മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇപ്രകാരം അനർഹർക്ക് തുക കൈമാറിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും എറണാകുളം കളക്ടറേറ്റിലെ പ്രളയ ദുരിതാശ്വാസ വിതരണത്തിൽ ക്ലാർക്കായ വിഷ്ണുപ്രസാദ് 10,54,000/- രൂപയുടെ ക്രമക്കേട് നടത്തിയെന്ന ഡെപ്യൂട്ടി കളക്ടർ ജനറൽ ആന്റ് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 25.02.2020 തീയതി IPC 403, 409, 420, 120 (b) വകുപ്പുകൾ പ്രകാരവും അഴിമതി നിരോധന നിയമത്തിലെ 13(1)(a) വകുപ്പ് പ്രകാരവും ക്രൈം.83/2020 നമ്പരായി തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. തുടർന്ന് കൊച്ചി സിറ്റി C ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തി വരികയാണ്.<br><br>കേസിലെ ഒന്നാം പ്രതിയായ വിഷ്ണുപ്രസാദിനെ മാർച്ച് 3-ാം തീയതിയും രണ്ട്, ആറ്, ഏഴ് പ്രതികളായ മഹേഷ്, നിതിൻ, ഷിന്റു മാർട്ടിൻ എന്നിവരെ 04.03.2020 നും അറസ്റ്റ് ചെയ്ത് |

നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) 2018 ൽ പ്രളയദുരിതാശ്വാസ ഫണ്ട് തിരിമറി നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ?

(സി) എറണാകുളം കളക്ടേറ്റിലെ വിഷ്ണുപ്രസാദ് എന്ന സെക്ഷൻ ക്ലാർക്കിനെ ഇതുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**